നം.കെ.എസ്.എ-കെ.ടി.എം.പി-14/303/2019 തീയതി : 12.04.2019

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 28.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 15.03.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 15.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാൻറി ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൃഷ്ണപ്രിയ എസ്. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷൈനി സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ആർ.ശ്രീകാന്ത് | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എ.റഫീക്ക് | 01.04.17 മുതൽ 30.06.17 വരെ |
| | ശ്രീമതി ഹണി ലിസാ ചാക്കോ | 01.07.17 മുതൽ 30.09.17 വരെ |
| | ശ്രീമതി അശ്വനി എസ്. | 01.10.17 മുതൽ 31.01.18 വരെ |
| | ശ്രീ.ജിജോ ജോസ് വൈപ്പന | 01.02.18 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു കെ. | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഷാജു | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സാജൻ ചെറിയാൻ | 01.04.17 മുതൽ 30.06.17 വരെ |
| | ഡോ.സാജു സാം | 01.07.17 മുതൽ 23.10.17 വരെ |
| | ഡോ.ജോയ്സി ജോൺ | 24.10.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.പത്മനാഭൻ | 01.04.17 മുതൽ 31.07.17 വരെ |
| | ഡോ.സീനിയ പി.കെ. | 01.08.17 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിനു ഡാർവിൻ പി. | 01.04.17 മുതൽ 10.08.17വരെ |
| | ശ്രീ.സിയാദ് വി.എ. | 11.08.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അല്ലി കെ.കെ. | 01.04.17 മുതൽ 31.05.17 വരെ |
| | ശ്രീമതി ശോഭന കുമാരി എം.പി. | 01.06.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | ശ്രീമതി ദയ പുരുഷോത്തമൻ | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.കണ്ണൻ എം.വി. | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എൽസമ്മ ജോസഫ് | 01.04.17 മുതൽ 07.08.17വരെ |
| | ശ്രീ.രവീന്ദ്രൻ പി.ജി. | 01.09.17 മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി റോസമ്മ അബ്രഹാം | 01.04.17 മുതൽ 31.03.18 വരെ |

(ഡി) <u>ഉള്ളടക്കം</u>


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ടിനം - വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-2 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3 | ഡി & ഒ ലൈസൻസ് |
| 2-4 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നു |
| 2-5 | വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു. |
| 2-6 | ടെണ്ടർ ഫീസ് തിരികെ ലഭിക്കാത്തത് - പഞ്ചായത്തിന് വരുമാനനഷ്ടം |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 3-1 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ അധിക തുക നൽകി |
| 3-2 | സോളാർലൈറ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-3 | കേരളോത്സവം നടത്തിപ്പിന് വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ സംബന്ധിച്ച് |
| 3-4 | വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-5 | പി.എച്ച്.സി. അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-6 | ഫാർമസി സ്റ്റോറിൻെറ നവീകരണ പ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങിയത് - രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-7 | പഠനോപകരണ വിതരണം (എസ്. റ്റി.) - രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 3-8 | പഠനോപകരണ വിതരണം (എസ്. സി.) - രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 3-9 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ പൊതുവായ അപാകതകൾ |
| 3-10 | ഇടക്കര എസ് ടി കോളനി നടപ്പാത - അധിക തുക നൽകി |
| 3-11 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 3-12 | ആശ്രയ പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |

| | | | | |
|---|---|---|---|---|
| മുന്നിരിപ്പ് | 61,57,643 | 79,04,187 | 17,46,544 | -- |
| വരവ് | 9,49,64,000 | 5,24,93,778 | - | 4,24,70,222 |
| ആകെ | 10,11,21,643 | 6,03,97,965 | - | 4,07,23,678 |
| ചെലവ് | 9,45,56,000 | 5,08,96,462 | - | 4,36,59,538 |
| നീക്കിയിരിപ്പ് | 65,65,643 | 95,01,503 | 29,35,860 | |

ബജറ്റ് പ്രകാരമുള്ള വരവ് 10.1 കോടി രൂപയും ചെലവ് 6 കോടി രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 6 കോടി രൂപയും ചെലവ് 5 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവുചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനെയോ അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനെയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാൻഡിംഗ് കമ്മറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി അനുവാദത്തിന് വേണ്ടി പഞ്ചായത്തിന്റെ മുമ്പാകെ വെച്ച് അംഗീകാരം വാങ്ങിയതിന് ശേഷം വാർഷിക ബജറ്റ് പുതുക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൻെറ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 04.05.2018 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2018 ലെ ബി1-1112/2017 നമ്പർ കത്ത് മുഖേന 28.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻെറ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 14.06.2018, 16.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 25.06.2018-ലെ കെ.എസ്.എ-കെ.ടി.എം.പി14/1129/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 79,04,187.00 |
| വരവ് | 5,24,93,778.00 |
| ആകെ | 6,03,97,965.00 |
| ചെലവ് | 5,08,96,462.00 |
| നീക്കിയിരിപ്പ് | 95,01,503.00 |

## 1-5 ഫണ്ടിനം - വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 1,40,03,158 | 1,40,03,158 | 1,24,15,700 | 15,87,458 | 88.66 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 19,24,823 | 19,24,823 | 16,13,664 | 3,11,159 | 83.8 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 18,90,109 | 18,90,109 | 17,01,733 | 1,88,376 | 90 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 20,62,683 | 20,62,683 | 20,21,181 | 41,502 | 97.98 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 37,64,375 | 37,64,375 | 34,99,240 | 2,65,135 | 92.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 80,89,626 | 80,89,626 | 74,54,026 | 6,35,600 | 92.1 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 32,87,580 | 32,87,580 | 20,55,295 | 12,32,285 | 62.5 |
| തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) | 0 | 62,18,140 | 62,18,140 | 62,17,107 | 1,033 | 99.98 |
| ജലനിധി | 12,02,086 | 52,87,505 | 64,89,591 | 53,71,508 | 11,18,083 | 82.77 |
| ട്രഷറി റ്റി.എസ്.ബി. | 49,72,440 | 90,35,468 | 1,40,07,908 | 89,04,535 | 51,03,373 | 63.56 |
| തനത് ഫണ്ട് | 16,37,941 | 1,00,01,462 | 1,16,39,403 | 84,24,786 | 32,14,617 | 72.4 |
| ബി ഫണ്ട് | 0 | 2,69,88,360 | 2,69,88,360 | 2,69,88,360 | 0 | 100 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 20.3.18 ലെ ഉത്തരവ് നം. 490/17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 3.4.17 മുതൽ 8.4.17 വരെ |
| ഭിന്നശേഷി ഗ്രാമ സഭ | 2.5.17 |
| ഊരുകൂട്ട ഗ്രാമ സഭ | 11.4.17, 20.4.17 |
| വികസനസെമിനാർ | 10.5.17 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 4,36,77,686 രൂപയും ആകെ ചെലവ് 3,35,44,077 രൂപയുമാണ്. ചെലവുശതമാനം 77% അംഗീകാരം ലഭിച്ച 187 പ്രോജക്ടുകളിൽ 173 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് കാണുന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടികളുടെയും സ്കൂളുകളുടെയും പുനരുദ്ധാരണപ്രവൃത്തികൾക്ക് വാർഷികപദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ആരോഗ്യമേഖലയിൽ പി എച്ച് സിയുടെ പ്രവർത്തനം മാതൃകയാണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാമുള്ള പി.എച്ച്.സി. കുടുംബ

ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി പരിശോധനാസമയം വൈകുന്നേരം 6.00 മണിവരെയാക്കിയിട്ടുണ്ട്.

പ്രോജക്ടുകളുടെ നിർവ്വഹണത്തിലും പൂർത്തീകരണത്തിലും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. 2016-17 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പല പ്രോജക്ടുകളും 2017-18 വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ 2017-18 വാർഷികപദ്ധതിയിൽ 57 സ്പിൽഓവർ പ്രോജക്ടുകൾക്ക് തുക കണ്ടെത്തേണ്ടതായി വന്നു. മരാമത്തുപ്രവൃത്തികൾ നിശ്ചിതസമയപരിധിയ്ക്കകം പൂർത്തീകരിക്കുന്നുണ്ടെന്നും ഗുണനിലവാരം പുലർത്തുന്നുണ്ടെന്നും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

വനിതാഘടക പദ്ധതിയിൽപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകൾ വനിതകളുടെ വരുമാനവർദ്ധനവിനും സാമൂഹ്യപദവിയും ഉയർത്തുന്നതിന് ഉദ്ദേശിച്ചുള്ളതാകണമെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 വർഷം നടപ്പാക്കിയ പ്രോജക്ട് പെരിങ്ങുളം ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകൾനിലയിൽ വനിതാഷോപ്പിംഗ് കോംപ്ലക്സ് എന്ന പേരിൽ മിനി ഓഡിറ്റോറിയം നിർമ്മിക്കലാണ്. പ്രോജക്ടുകൾ യഥാർത്ഥ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമല്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 122 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 86 പ്രോജക്ടുകളിൽ 84 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളിൽ 98% പ്രോജക്ടുകളും തൻവർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം 14 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 16166 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 423 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 154 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്. 24 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. നഴ്സറി നിർമ്മാണം, കാലിത്തൊഴുത്ത് നിർമ്മാണം, മഴക്കുഴി നിർമ്മാണം, കയ്യാല നിതട്ട് തിരിക്കൽർമ്മാണം, മൺറോഡ് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പൂഞ്ഞാർ തെക്കേക്കര ശാഖയിലെ അക്കൗണ്ട് നം. 2198754151 മുഖേനയാണ് നടത്തുന്നത്. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |

| | | | |
|---|---|---|---|
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 62,17,407.00 | 62,18,140.00 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 733.00 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 42,23,562.00 | 62,17,107.00 |
| | ഉപകരണങ്ങളുടെ വില, വാടക | 13,38,485.00 | |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 96,050.00 | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പെടെ) | 5,59,010.00 | |
| നീക്കിയിരിപ്പ് | | | 1,033.00 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 26 | 14,160 |
| കർഷകതൊഴിലാളി വേതനം | 254 | 29,65,000 |
| വിധവാ പെൻഷൻ | 594 | 69,80,200 |
| വാർദ്ധക്യകാല പെൻഷൻ | 1073 | 1,34,17,100 |
| വികലാംഗ പെൻഷൻ | 244 | 28,35,500 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 54 | 6,26,400 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 5 | 1,50,000 |

## 1-9 ക്യാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019 തീയതിയിൽ 3:45 പി.എം.-ന് പഞ്ചായത്ത് ഹെഡ് ക്ലർക്കിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 44,241/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും മേൽനോട്ടച്ചുമതല നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ കമ്പ്യൂട്ടറുകളുടെ വാറന്റി, AMC വിവരങ്ങൾ, പ്രവർത്തനക്ഷമത എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പ്രകാരം നിലവിൽ 11 കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണ്. ISO നിലവാരത്തിലെത്തിയ സ്ഥാപനം എന്ന നിലയിലുള്ള ഭൗതികസൗകര്യങ്ങൾ സ്ഥാപനത്തിലുണ്ട്. പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഭരണസമിതിയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുള്ളതായി കാണാൻ കഴിഞ്ഞു.

മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്നുവെങ്കിലും ക്വട്ടേഷൻ, ടെണ്ടർ നടപടികളിൽ സുതാര്യത ദൃശ്യമാകാത്തതിനാൽ മിതവ്യയത്വം, കാര്യക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രൊർക്യൂർമെന്റ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. മത്സരാധിഷ്ഠിത ക്വട്ടേഷനുകളിലൂടെ മിതവ്യയത്വം ഉറപ്പാക്കുകയും ഗുണനിലവാരപരിശോധനയിലൂടെ കാര്യക്ഷമത വിലയിരുത്തുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2018 | 04/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2012-01.10.2012 | 2007-08 മുതൽ 2011-12 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.)IV/8എ-1876/202 തീയതി 07.12.2012 |

## **1-12** വാർഷിക കണക്കുകളുടെ അവലോകനം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ 14.06.2018, 16.06.2018 എന്നീ തിയതികളിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ 25.06.2018-ാം തീയതി നം.കെ.എസ്.എ-കെ.ടി.എം.പി14/1129/2018 ആയി വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രവും റിപ്പോർട്ടും എന്ന രൂപത്തിൽ പഞ്ചായത്തിന് നൽകിയിരുന്നു. ഈ റിപ്പോർട്ടിൽ പ്രദിപാദിച്ചിരുന്ന അപാകങ്ങളിൽ ഓഡിറ്റ് കാലയളവിൽ പരിശോധിച്ച് ബോധ്യപ്പെട്ടതും 12.03.2019 1-183/18 നം കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയതുമായ അപാകങ്ങൾ ഒഴിവാക്കി നാളിതുവരെ പരിഹരിക്കാതെ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ നിർദ്ദേശ പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2018 വരെ ആരംഭിച്ചിട്ടില്ല.
3. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള 340100101, 340100102, 340100201, 340200106 എന്നീ ശീർഷകങ്ങളിലുള്ള നിക്ഷേപ തുകകളുടെ മുന്നിരിപ്പിന്റെ വിശദാംശം ഡെപോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.
4. 01.07.2017-തീയതിയിൽ ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷവും 350300103- Govt. And other dues Payable-Value Added Tax ശീർഷകത്തിൽ ജി.എസ്.ടി. തുകകൾ അക്കൗണ്ട് ചെയ്തിട്ടുണ്ട്.
5. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.
6. RP-4, RP-5 പ്രകാരമുള്ള വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് ആധികാരികമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. തൻവർഷത്തെ സ്ഥാപനങ്ങൾ/ടെയ്ഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ 1,63,940/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ 1,57,680/- രൂപയുടെ വരവ് മാത്രമാണ് പ്രതിഫലിക്കുന്നത്. 6,260/- രൂപയുടെ വരവ് 431190101 ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിച്ചത് റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പൂഞ്ഞാർ ക്ഷീര വ്യവസായ സഹകരണ സംഘം | 1,2 |
| 2 | മെട്രോ വുഡ് ഫാക്ടറീസ് | 1,2 |
| 3 | ഋഷി ഹെറിറ്റേജ് വില്ലേജ് ആശുപത്രി | 1,2 |
| 4 | പാറേക്കാട്ട് ഫാർമസി | 1,2 |
| 5 | ഹാപ്പി ഡന്റൽ ക്ലിനിക് | 1,2 |
| 6 | സെൻറ് ജോർജ്ജ് ഡന്റൽ ക്ലിനിക് | 1,2 |
| 7 | ശാന്തിഗിരി വൈദ്യശാല | 1,2 |
| 8 | അൽഫോൺസാ ഹോമിയോ ക്ലിനിക് | 1,2 |
| 9 | ഗോകുൽ ലാബോറട്ടറി | 1,2 |
| 10 | ഞരളയ്ക്കാട്ട് ഹോമിയോ ക്ലിനിക് | 1,2 |
| 11 | അരുൺ ക്ലിനിക്കൽ ലാബോറട്ടറി | 1,2 |
| 12 | അറയ്ക്കൽ ആയുർവേദ ഫാർമസി | 1,2 |
| 13 | ജലനിധി ഓഫീസ് | 2 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/11.03.2019)തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇത്രയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പാറേക്കാട്ട് ഫാർമസി | 1,2 |
| 2 | അൽഫോൺസാ ഹോമിയോ ക്ലിനിക് | 1,2 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (4/11.03.2019) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ

അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. 2017-18 സാമ്പത്തിക വർഷം 194 സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 150 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തേക്കാൾ 44 സ്ഥാപനങ്ങൾക്കാണ് കൂടുതലായി ലൈസൻസ് നൽകിയിട്ടുള്ളത്.

1) പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 626 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 17 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 2 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 1 |
| ഓഫീസ് ആവശ്യം | 48 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 81 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 13 |
| ആകെ എണ്ണം | 789 |

സഞ്ചയയിലെ വിശദാംശം പ്രകാരം പഞ്ചായത്ത് പരിധിയിൽ 789 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 194 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും വളരെയേറെ വാണിജ്യ-വ്യവസായങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടവും ഉണ്ടാകുന്നു.
പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിന്മേൽ സെക്രട്ടറി ഒപ്പ് വച്ച് അധികൃതമാക്കുന്നില്ല. ഡി & ഒ ട്രേഡ് ലൈസൻസ്, ട്രൈഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ട്രൈഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ഡി & ഒ ട്രേഡ് ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2) ഡി ആന്റ് ഒ ലൈസൻസിന് അപേക്ഷിക്കേണ്ട സ്ഥാപനങ്ങളിൽ വളരെ കുറച്ചെണ്ണം മാത്രമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകിയത്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017ൽ സർക്കാർ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ 1.11.2017മുതൽ പുതിയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകേണ്ടയിരുന്നത്. എങ്കിലും 1.11.2017ന് ശേഷം ലഭിച്ച അപേക്ഷകൾക്കും 1996ലെ ചട്ടപ്രകാരമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ഭേദഗതി പ്രകാരം ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം -3ന് അനുബന്ധമായ 1-ാംപട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

എ) പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു.

1. പാറേക്കാട്ട് ഫാർമസി

2. അൽഫോൺസാ ഹോമിയോ ക്ലിനിക്

ബി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

1. അരുൺ ക്ലിനിക്കൽ ലാബോറട്ടറി

2. അറയ്ക്കൽ ആയുർവേദ ഫാർമസി

സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നത് ചട്ടലംഘനവും വരുമാന നഷ്ടം ഉണ്ടാക്കുന്നതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/11.03.2019)തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-5** <u>വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വസ്തു നികുതി നിർണ്ണയിച്ചപ്പോഴുള്ള ഉപയോഗക്രമം (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം) | നിലവിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | XIII/339 | ലളിത അലക്സാണ്ടർ കാട്ടാറത്ത് | പാർപ്പിടാവശ്യം | ബേക്കറി സാധനങ്ങളുടെ നിർമ്മാണം |
| 2 | VIII/249A | ജീബ സജോ പുതുപ്പള്ളിൽ | കൈത്തൊഴിൽ ഷെഡ് | കറി പൗഡർ സ്റ്റോക്ക് ചെയ്യൽ |
| 3 | VIII/284 | എ.സി.ജോസഫ് അറമത്ത് | പാർപ്പിടാവശ്യം | മെഡിക്കൽ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ വിൽപനാനന്തര സേവനം |
| 4 | I/287 | ലിജി ജോസഫ് | പാർപ്പിടാവശ്യം | ഡെന്റൽ ക്ലിനിക് |

| | | | | |
|---|---|---|---|---|
| | | പല്ലാട്ടുകുന്നേൽ | | |
| 5 | XIII/137B | സിബി പി.കെ.<br>പഴയപറമ്പിൽ | കൈത്തറി ഷെഡ് | ബേക്കറി |
| 6 | I/346A | തോമസ് സെബാസ്റ്റ്യൻ<br>ഞരളക്കാട്ട് | സ്റ്റോറേജ് ഷെഡ് | കാറ്ററിംഗ് സർവീസ് |
| 7 | IX/91 | തോമസ്<br>പാറംതോട്ട് | പാർപ്പിടാവശ്യം | തേൻ സംഭരണം, സംസ്കരണം, വിപണനം |
| 8 | I/148 | ഇമ്മാനവേൽ<br>കരിയാപുരയിടം | പാർപ്പിടാവശ്യം | കപ്പകട |
| 9 | I/559 | ജോണിക്കുട്ടി<br>കല്ലാറ്റ് | പാർപ്പിടാവശ്യം | അച്ചാർ നിർമ്മാണം |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (10/14.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതുമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ശരിയായ ഉപയോഗക്രമത്തിൻെറ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ടെണ്ടർ ഫീസ് തിരികെ ലഭിക്കാത്തത് - പഞ്ചായത്തിന് വരുമാനനഷ്ടം

2017-18 വർഷം ഇ-ടെണ്ടർ ചെയ്ത താഴെപ്പറയുന്ന മരാമത്തുപ്രവൃത്തികളുടെ ടെണ്ടർഫീസ്, EMD, സെക്യൂരിറ്റി നിക്ഷേപം എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനിയർ, കോട്ടയത്തിന്റെ അക്കൗണ്ടിലാണ് അടവാക്കിയിട്ടുള്ളത്. ഇതിൽ ടെണ്ടർ ഫീസിനത്തിലുള്ള തുക തിരികെ ലഭിക്കാത്തതുമൂലം പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

| പ്രോജക്ടിന്റെ വിവരങ്ങൾ | PAC | ടെണ്ടർ ഫീസ് |
|---|---|---|
| നം.160/18<br>ഷീടോയ്‌ലറ്റ് നിർമ്മാണം | 11,88,600 | 5000<br>(2500x2) |
| 206/18<br>പെരിങ്ങുളം വനിതാഷോപ്പിംഗ് കോംപ്ലക്സ് അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ | 8,00,000 | 3200<br>(1600x2) |
| അണങ്ങുംപടി കുടിവെള്ളപദ്ധതി | 15,33,984 | 5000<br>(2500x2) |
| ആകെ | | 13,200/- |

ഇ-ടെണ്ടർ സമർപ്പിച്ച മേല്പറഞ്ഞ പ്രവർത്തികളുടെ ടെണ്ടർ ഫീ, EMD, സെക്യൂരിറ്റിനിക്ഷേപം എന്നിവ സർക്കാർ ഉത്തരവ്(എം.എസ്)318/13/തസ്വഭവ തീയതി 28.9.13ൽ നിർദ്ദേശിക്കും പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** സ്ട്രീറ്റ്‌ലൈറ്റ് സ്ഥാപിക്കാൻ അധിക തുക നൽകി

പ്രോജക്ട് നം.197/18

സ്ട്രീറ്റ്‌ലൈറ്റ് (എൽ.ഇ.ഡി) വാങ്ങൽ

അടങ്കൽ - 3,45,000 (വികസനഫണ്ട് 3,42,652+തനതുഫണ്ട് 2,348)

ചെലവ് - 2,67,899(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് പ്രകാരം സ്ട്രീറ്റ്‌ലൈറ്റുകൾ സപ്ലൈ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും ടെണ്ടർ ക്ഷണിച്ചതിൽ വ്യത്യസ്ത നിരക്കുകൾ സൂചിപ്പിച്ച് താഴെപ്പറയുന്ന സ്ഥാപനങ്ങളും ഒരു കരാറുകാരൻ സ്വന്തം നിലയിലും ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്നതിനായി 15W LED ബൾബുകളുടെ നിരക്കുകളാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി പരിഗണിച്ചത്.

തമ്പുരാൻകാലായിൽ, കോഴഞ്ചേരി - 1690

എഡിസൺ ഇലക്ട്രിക്കൽസ്, തിരുവാങ്കുളം- 1575

ഒമിലക്സ് സർവ്വീസസ്, കോട്ടയം - 1113

സെഞ്ച്വറി ഇലക്ട്രിക്കൽസ്, മലപ്പുറം - 1639

വിനോദ് ടി.കെ. തടത്തിൽ, പനച്ചിക്കാട് - 893(കരാറുകാരൻ സമർപ്പിച്ച ടെണ്ടറിൽ 598 രൂപ ബൾബുകൾക്കും 295 രൂപ ഫിറ്റിംഗ് ചാർജ്ജും പ്രത്യേകമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രൊർക്യൂർമെന്റ് കമ്മിറ്റി തയ്യാറാക്കിയ താരതമ്യപട്ടികയിൽ ഫിറ്റിംഗ് ചാർജ് ഉൾപ്പെടുത്താതെ ബൾബുകളുടെ വിലയായ 598 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്)

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 10.1.18ലെ യോഗതീരുമാനപ്രകാരം കുറഞ്ഞ നിരക്ക് സമർപ്പിച്ച വിനോദ് ടി.കെ. എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരൻ ഒരു അംഗീകൃതസ്ഥാപനത്തിന്റെ പേരിലല്ല ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഏതു കമ്പനിയുടെ ഉല്പന്നമാണ് സപ്ലൈ ചെയ്യുന്നതെന്ന് ടെണ്ടറിൽ സൂചിപ്പിച്ചിട്ടില്ല. അംഗീകൃതസ്ഥാപനങ്ങൾ ISI മാർക്കോടു കൂടിയ വിവിധ കമ്പനി ഉല്പന്നങ്ങൾ സപ്ലൈ ചെയ്യാൻ തയ്യാറായി ടെണ്ടർ സമർപ്പിച്ചിരിക്കെ ഗുണനിലവാരം ഉറപ്പാക്കാതെ ടെണ്ടർ അംഗീകാരത്തിന് ശുപാർശ ചെയ്തത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.(10.1.18 ൽ ടെണ്ടർ അംഗീകരിച്ചതിനു ശേഷം 22.3.18 തീയതിയിൽ നാട്ടകം പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഒരു ഗുണനിലവാര പരിശോധനാറിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.24.3.18 ൽ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ തുക നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. നിയമപ്രകാരം ഗുണനിലവാര പരിശോധന നടത്തേണ്ടിയിരുന്നത് ടെണ്ടർ അംഗീകരിക്കുന്നതിനു മുമ്പാണ്. പ്രവൃത്തിപൂർത്തീകരണത്തീയതിയ്ക്ക് ഒരു ദിവസം മുമ്പ് നൽകിയിരിക്കുന്ന ഗുണനിലവാര പരിശോധനാറിപ്പോർട്ട് ടെണ്ടർ അംഗീകരിച്ച നടപടി സാധൂകരിക്കുന്നതിന് ഉതകുന്നതല്ല.)

2) മുദ്രപ്പത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും നിർദ്ദിഷ്ടവ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാർ ചമച്ചിട്ടില്ല.

3) കരാറുകാരൻ നൽകിയ ഇൻവോയ്സ് അംഗീകൃതസ്ഥാപനത്തിന്റേതല്ല. സ്വന്തം പേരിൽ പ്രിന്റ് ചെയ്തെടുത്ത ഇൻവോയ്സാണ് നൽകിയിരിക്കുന്നത്.

4) ബൾബുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്ന് രേഖപ്പെടുത്തി പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5) കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കരാറുകാരൻ നൽകിയ ഇൻവോയ്സിൽ 12W LED ബൾബുകൾ 300 എണ്ണം സ്ഥാപിച്ചതായാണ്

പറഞ്ഞിട്ടുള്ളത്. ടെണ്ടറിൽ സൂചിപ്പിട്ടുള്ളത് പ്രകാരം 12W LED സ്ഥാപിക്കുന്നതിനുള്ള നിരക്ക് 813 രൂപയാണ്(518+295). ഇതു പ്രകാരം കരാറുകാരന് അനുവദനീയമായ തുക 2,43,900(813x300)രൂപയാണ്. എന്നാൽ 15W ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള നിരക്കായ 893 രൂപ (598+295) നിരക്കിൽ 2,67,899 രൂപ (ബിൽ നം.41/24.3.18)കരാറുകാരന് ഇൻവോയ്സ് പ്രകാരം നൽകിയിട്ടുണ്ട്. അനുവദനീയമായതിലും അധികം നൽകിയ 23,999 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേയേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

പ്രവൃത്തി നിർവ്വഹണത്തിൽ മേൽപ്പറഞ്ഞ അപാകതകൾ ഉള്ളതിനാൽ ചെലവഴിച്ച 2,67,899 രൂപയിൽ നിരാകരിച്ച 23,999 രൂപ ഒഴികെ ബാക്കി തുക 2,43,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സോളാർലൈറ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.203/18

മുരിങ്ങപ്പുറം തൈനി ഭാഗത്ത് സോളാർ സ്ഥാപിക്കൽ

അടങ്കൽ - 50,000

ചെലവ് - 48,900(ബിൽ നം.45/31.3.18)

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിലെ തൈനി എന്ന സ്ഥലത്ത് സോളാർലൈറ്റ് സ്ഥാപിക്കുന്നതിന് 9.3.18 ൽ ക്വട്ടേഷൻ ക്ഷണിച്ചതായും 3 സ്വകാര്യവ്യക്തികൾ സ്വന്തം കൈപ്പടയിലെഴുതിയ ക്വട്ടേഷൻ സമർപ്പിച്ചതായും കാണുന്നു. സാലി പി.തോമസ്, പൈനുംമൂട്ടിൽ, ചങ്ങനാശ്ശേരി, പൗലോസ് കെ.വി., കിഴക്കേപ്പള്ളിൽ, ചങ്ങനാശ്ശേരി, വിനോദ് ടി.കെ. തടത്തിൽ പനച്ചിക്കാട് എന്നിവരാണ് ക്വട്ടേഷൻ നൽകിയത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളും അംഗീകൃതസ്ഥാപനങ്ങളുടെ പേരിലുള്ളതല്ല. ക്വട്ടേഷനുകളോടൊപ്പം സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന ഉല്പന്നത്തിന്റെ ബ്രാന്റ്നെയിം, സ്പെസിഫിക്കേഷൻ, വാറന്റി സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഇൻവോയ്സ് നൽകിയിട്ടില്ല. എങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 10.1.18ൽ ചേർന്ന യോഗം കുറഞ്ഞ നിരക്കു സൂചിപ്പിച്ചത് എന്ന നിലയിൽ ശ്രീ.വിനോദ് ടി.കെ.യുടെ ക്വട്ടേഷൻ അംഗീകരിച്ചു. (ശ്രീ.വിനോദ് ടി.കെ., സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിന്റെ (നം.197/18)കരാറുകാരനാണ്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ഖ.3-1ൽ ചേർത്തിട്ടുണ്ട്.) സപ്ലൈചെയ്യുന്ന ലൈറ്റിന്റെ ഗുണനിലവാരം സംബന്ധിച്ച് യാതൊരു പരിശോധനയുമില്ലാതെ ക്വട്ടേഷൻ അംഗീകരിച്ചത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സൂക്ഷ്മവിശകലനത്തിലും നേരിട്ടുള്ള അന്വേഷണത്തിലും മറ്റ് രണ്ട് ക്വട്ടേഷനുകളുടെ ആധികാരികതയും വിശ്വാസ്യതയും ഉറപ്പിക്കാവുന്നതല്ലെന്ന് കാണുന്നു. ക്വട്ടേഷൻ നടപടിക്രമങ്ങളിലെ സുതാര്യത ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ 48,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചയും സുതാര്യതയില്ലായ്മയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## 3-3 കേരളോത്സവം നടത്തിപ്പിന് വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ സംബന്ധിച്ച്

പ്രോജക്ട് നം.4/18

അടങ്കൽ - 50,000(വികസനഫണ്ട്)

ബിൽ നം.27/18.1.18

കേരളോത്സവത്തോടനുബന്ധിച്ച് കായികമത്സരങ്ങൾ നടത്തുന്നതിനായി TAKE off SPORTS, PALA

എന്ന സ്ഥാപനത്തിൽ നിന്ന് 24,930 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 2,500 രൂപ വീതം Adidas Cricket Ball-2, 1,750 രൂപ വീതം Adidas Football-4, 1,000 രൂപ വീതം ജാവലിൻ-2 തുടങ്ങി വിലയുള്ള ഉപകരണങ്ങളാണ് വാങ്ങിയത്. എന്നാൽ മത്സരങ്ങൾക്ക ശേഷം മേല്പറഞ്ഞ ഉപകരണങ്ങൾ എപ്രകാരം വിനിയോഗിച്ചു എന്നതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/14.3.19)അവ പൂഞ്ഞാർ സിറ്റിസൺ ക്ലബ്ബിന് കൈമാറിയെന്നാണ് മറുപടി നൽകിയത്. എന്നാൽ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വികസനഫണ്ട് ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യം ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

വരൾച്ചാദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂവകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് 15.3.17 തീയതിയിൽ 5000 ലിറ്ററിന്റെ 4 സിന്റക്സ് വാട്ടർടാങ്കുകൾ അനുവദിച്ചുനൽകിയിരുന്നു. വാട്ടർകിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്തനിവാരണവകുപ്പിന്റെ 2.3.17 ലെ 852/17/DMD നം ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപിക്കുന്ന എല്ലാ ടാങ്കുകളിലും "വരൾച്ച 2016-17 കേരളസർക്കാർ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ 4 വാർഡുകളിലായി താഴെപ്പറയുന്ന സ്ഥലങ്ങളിൽ വാട്ടർകിയോസ്കുകൾ സ്ഥാപിച്ചതായി ഫയലിൽ കാണുന്നു.

വാർഡ് 10 അണങ്ങുംപടി

“ 6 ഇടമല

“ 2 കല്ലേക്കുളം

“ 3പെരിങ്ങുളം

12.3.19 തീയതിയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ വാർഡ് 2 കല്ലേക്കുളത്ത് സ്ഥാപിച്ചിട്ടുള്ള ടാങ്ക് സുരേന്ദ്രൻ കുളത്തുങ്കൽ എന്ന സ്വകാര്യവ്യക്തിയുടെ സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കണ്ടു.ടാങ്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം രേഖാമൂലം സറണ്ടർ ചെയ്തു നൽകിയിട്ടില്ല. സ്ഥലത്തിനു തൊട്ടടുത്തായി മറ്റു വാസഗൃഹങ്ങൾ കാണപ്പെട്ടില്ല. വാർഡ് 3 പെരിങ്ങുളത്തു സ്ഥാപിച്ചിട്ടുള്ള ടാങ്കും ജോസ് വരകുകാലായിൽ എന്ന സ്വകാര്യവ്യക്തിയുടെ സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കണ്ടു. ടി സ്ഥലവും ഉടമ രേഖാമൂലം സറണ്ടർ ചെയ്തു നൽകിയിട്ടില്ല.സ്ഥാപിക്കുന്ന എല്ലാ ടാങ്കുകളിലും "വരൾച്ച 2016-17 കേരളസർക്കാർ" എന്ന് രേഖപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും അപ്രകാരം രേഖപ്പെടുത്തൽ നടത്തിയിട്ടില്ലെന്നും കാണപ്പെട്ടു. നിയമാനുസൃതം സറണ്ടർ ചെയ്യുകയോ, കരാറുടമ്പടി വെയ്ക്കുകയോ ചെയ്യാത്ത സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന സർക്കാരിന്റേതെന്നു നാമകരണം പോലും ചെയ്തിട്ടില്ലാത്ത ടാങ്കുകൾ കാലക്രമത്തിൽ അന്യാധീനപ്പെടാൻ സാധ്യതയുണ്ട്. സൂര്യതാപം ഏറ്റ് ടാങ്കിന് കേടുപാടുണ്ടാകുന്നത് തടയുന്നതിനായി ടാങ്കുകളിൽ ഭാഗികമായെങ്കിലും ജലം നിറച്ച് നിർത്തി സംരക്ഷിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ടാങ്കുകൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കേണ്ടതും ഓരോ പ്രദേശത്തും സ്ഥാപിച്ചിട്ടുള്ള കിയോസ്കുകൾ സംരക്ഷിക്കുന്നതിന് അതതു പ്രദേശത്തെ വാർഡുമെമ്പറുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. സർക്കാർനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനുള്ള ബദൽസംവിധാനമായാണ് വാട്ടർകിയോസ്കുകൾ സ്ഥാപിക്കേണ്ടതെന്നും വാഹനങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനു പകരം കുടിവെള്ളവിതരണം കിയോസ്കുകളിൽ കൂടി മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ ലക്ഷ്യപ്രാപ്തിയ്ക്ക് ഉതകാത്ത വിധമാണ് ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 പി.എച്ച്.സി. അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പി.എച്ച്.സി. അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ (180/2018) എന്ന സ്പിൽ ഓവർ പദ്ധതിയിൽ പി.എച്ച്.സി.യിലെ ഫാർമസി സ്റ്റോറിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നു.

അടങ്കൽ തുക : മെയിൻറനൻസ് ഫണ്ട് (റോഡിതരം) : 2,10,000/- രൂ

ചെലവ് : 2,10,000/- രൂ

എന്നാൽ പ്രസ്തുത ഫയലിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ടെണ്ടർ നടപടികൾ, എം. ബുക്ക് മുതലായവ ലഭ്യമല്ല. ആയത് അടിയന്തിരമായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/12.03.19) മറുപടി ലഭ്യമാക്കിയിട്ടില്ല. 12.03.19-ാം തീയതിയിൽ നടത്തിയ ഫീൽഡ്തല പരിശോധനയിൽ പ്രവൃത്തി നടപ്പാക്കിയതായി കാണുന്നുണ്ടെങ്കിലും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ എപ്രകാരമാണ് പ്രവൃത്തി നടത്തിയതെന്ന് വ്യക്തമല്ല. അളവുകളും അനുവദനീയമായ നിരക്കുകളും രേഖപ്പെടുത്തി തയ്യാറാക്കിയ എം ബുക്കിന്റെയും ആകെ വേലമൂല്യവും നികുതിവിഹിതങ്ങൾ കിഴിച്ച് അനുവദനീയമായ തുകയും കണക്കാക്കിയ ബില്ലിന്റെയും അടിസ്ഥാനത്തിലല്ലാതെ തുക അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. നികുതിവിഹിതം ഈടാക്കിയിട്ടില്ലാത്തതിനാൽ കേന്ദ്ര, സംസ്ഥാനസർക്കാരുകൾക്കും നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും നിയമാനുസൃതനടപടിക്രമം പാലിച്ചിട്ടില്ലാത്തതിനാലും 2,10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
പദ്ധതി മാർഗ്ഗരേഖ പ്രകാരം, മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് തലത്തിൽ അസിസ്റ്റൻറ് എഞ്ചിനീയറാണ്. മേല്പറഞ്ഞപ്രകാരം സാങ്കേതികവൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തിയുടെ നിർവ്വഹണം മാർഗ്ഗരേഖക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസറെ ഏൽപ്പിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. അന്വേഷണറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഫാർമസി സ്റ്റോറിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങിയത് - രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പി.എച്ച്.സി. അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ (199/2018) എന്ന പദ്ധതി പ്രകാരം പി.എച്ച്.സി.യിലെ ഫാർമസി സ്റ്റോറിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സാധനങ്ങൾ വാങ്ങിയതായി കാണുന്നു.

അടങ്കൽ തുക : മെയിൻറനൻസ് ഫണ്ട് (റോഡിതരം) : 800000/- രൂ

ചെലവ് : 193163/- രൂ

എന്നാൽ പ്രസ്തുത ഫയലിൽ സാധനങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ക്വട്ടേഷൻ/ടെണ്ടർ നടപടി വിവരങ്ങൾ ലഭ്യമല്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/12.03.19) പദ്ധതിയുടെ എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 8,00,000/- രൂ അടങ്കൽ തുക ഉണ്ടായിരുന്ന പദ്ധതിയിൽ ആകെ 1,93,163/- രൂപയുടെ സാധനങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. 1,93,163/- രൂപയുടെ സാധനങ്ങൾ വാങ്ങിയതിന്റെ നടപടിക്രമങ്ങൾ നിയമപ്രകാരമല്ലാത്തതിനാലും പ്രസ്തുത സാധനങ്ങൾ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിക്കായി ഉപയോഗിച്ചതിനാൽ ഫീൽഡ്തല പരിശോധനയിൽ ഏതെല്ലാം സാധനങ്ങളാണ് വാങ്ങിയതെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാലും 1,93,163/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
8 ലക്ഷം രൂപ അടങ്കലുള്ളതും അളവുകളും നിരക്കുകളും രേഖപ്പെടുത്തി എം ബുക്ക് തയ്യാറാക്കുക,വേലമൂല്യവും

നികുതിവിഹിതങ്ങളും കണക്കാക്കി ബിൽ തയ്യാറാക്കുക തുടങ്ങി സാങ്കേതികവൈദഗ്ധ്യം ആവശ്യമുള്ള മരാമത്ത്പ്രവൃത്തിയുടെ നിർവ്വഹണം നടത്തേണ്ടത് അസിസ്റ്റന്റ് എഞ്ചിനിയറാണ്. ടി പ്രവൃത്തിയുടെ നിർവ്വഹണം പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആരോഗ്യമേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽഓഫീസറെ ഏല്പിക്കാനിടയായ സാഹചര്യം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ചെയ്യുന്നു. അന്വേഷണറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 പഠനോപകരണ വിതരണം (എസ്. റ്റി.) - രേഖകൾ ലഭ്യമാക്കിയിട്ടില്ല

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S 48/2018 - പഠനോപകരണ വിതരണം (എസ്.റ്റി.) എന്ന പ്രോജക്ട് പ്രകാരം അർഹരായ എസ്.റ്റി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തു. പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(അടങ്കൽ (ടി.എസ്.പി.) - 3,00,000/-

ചെലവ് - 1,68,820/-

ഗുണഭോക്താക്കളുടെ എണ്ണം - 46)

എ) അപേക്ഷകരുടെ ഫയലുകളിൽ താഴെപ്പറയുന്ന രേഖകൾ ലഭ്യമായിട്ടില്ല.

1. പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ്.
2. താഴെ കൊടുത്തിരിക്കുന്ന പ്രകാരം സ്കൂൾ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|
| 1 | ജിസ്മോൻ തോമസ്, തലക്കോയിൽ | സ്കൂൾ സർട്ടിഫിക്കറ്റ് |
| 2 | അരവിന്ദ് സജികുമാർ, ആക്കത്തകിടിയേൽ | |
| 3 | കാർത്തിക് പ്രദീപ്, ഒറ്റപ്ലാക്കൽ | |
| 4 | അഭിനന്ദ് രവി, കരിങ്ങാംപാറയിൽ | |
| 5 | ജിനു തങ്കച്ചൻ, നിരപ്പേൽ പുരയിടം | |
| 6 | കൃഷ്ണ സുരേഷ്, പനയ്ക്കൽ | |
| 1 | ജിസ്മോൻ തോമസ്, തലക്കോയിൽ | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 2 | അരവിന്ദ് സജികുമാർ, ആക്കത്തകിടിയേൽ | |
| 3 | കാർത്തിക് പ്രദീപ്, ഒറ്റപ്ലാക്കൽ | |
| 4 | മായാ മനോജ്, കാനംമാക്കൽ | |
| 5 | മനു മനോജ്, കാനംമാക്കൽ | |

ബി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത സോബിൻ മാത്യു, മാങ്കുഴിയിൽ എന്നയാൾക്ക് പഠനോപകരണം വിതരണം ചെയ്തു.

മേൽ അപാകതകൾ സംബന്ധിച്ച് 8.3.19ൽ നൽകിയ 1-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുന്നതിന്റെ യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്ത 11 പേരുടേയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ഗുണഭോക്താവായ ഒരാളുടേയും ഉൾപ്പെടെ ആകെ 12 ഗുണഭോക്താക്കൾക്കുള്ള പദ്ധതിച്ചെലവായ 44,040/- രൂപ (12 X 3670) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എല്ലാ ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പുകളിൽ

നിന്നോ ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

## 3-8 പഠനോപകരണ വിതരണം (എസ്. സി.) - രേഖകൾ ലഭ്യമാക്കിയിട്ടില്ല

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S 142/2018 - പഠനോപകരണ വിതരണം (എസ്.സി.) എന്ന പ്രോജക്ട് പ്രകാരം അർഹരായ എസ്.സി.വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

(അടങ്കൽ (ടി.എസ്.പി.) - 2,80,000/-

ചെലവ് - 2,78,920/-

ഗുണഭോക്താക്കളുടെ എണ്ണം - 76)

എ) അപേക്ഷകരുടെ ഫയലുകളിൽ താഴെപ്പറയുന്ന രേഖകൾ ലഭ്യമായിട്ടില്ല.

1) പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ്.(എസ്.സി.ഡവലപ്മെന്റ് ഓഫീസറുടെ സർട്ടിഫിക്കറ്റ്)
2) താഴെ കൊടുത്തിരിക്കുന്ന അപേക്ഷകരുടെ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

| ക്രമ നം. | അപേക്ഷകൻെറ പേര് | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|
| 1 | അപർണ്ണ സാബു, കോട്ടപ്പുറത്ത് | സ്കൂൾ സർട്ടിഫിക്കറ്റ് |
| 2 | ജയലക്ഷ്മി ജി., പൊങ്ങലയിൽ | |
| 3 | സനന്ദു രാജേഷ്, കൊച്ചുവീട്ടിൽ | |

ബി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അഭിനന്ദ് സുധീഷ്, പല്ലാട്ടുകുന്നേൽ എന്നയാൾക്ക് പഠനോപകരണം വിതരണം ചെയ്തു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (2/08.03.19) നൽകിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയില്ല. പദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുന്നതിൻെറ യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്ത 3 വിദ്യാർത്ഥികളുടെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ഗുണഭോക്താവായ ഒരാളുടെയും ഉൾപ്പെടെ ആകെ 4 ഗുണഭോക്താക്കൾക്കുള്ള പദ്ധതിച്ചെലവായ 14,680/- രൂപ (4 X 3670) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എല്ലാ ഗുണഭോക്താക്കൾക്കും പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ പൊതുവായ അപാകതകൾ

2017-18 വർഷം അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പല പ്രവർത്തികളുടെയും നിർവ്വഹണഘട്ടത്തിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിയമാനുസൃതം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ബി) റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല

വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് റീടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ തുടക്കം, അവസാനം, നീളം, വീതി, പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ്, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾ തുടങ്ങിയവ കാണിക്കുന്ന രേഖകൾ/മാപ്പ് സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ ടാറിംഗ്/റീടാറിംഗ്/അറ്റകുറ്റപ്പണികളുടെ ഇടവേളയും ആവശ്യകതയും കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. തന്മൂലം ഓരോ വാർഷിക പദ്ധതിയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കാതെ വരുന്നു. ആയതിനാൽ കൃത്യമായ ഇടവേളയും ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി റോഡുപ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികൾക്ക് സർക്കുലർ നം.1/1559/2010/സി.ഇ /തസ്വഭവ തീയതി 13.11.14 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
ഡി) മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

## 3-10 ഇടക്കര എസ് ടി കോളനി നടപ്പാത - അധിക തുക നൽകി

പ്രോജക്ട് നം.121/18

അടങ്കൽ - 1,00,000(ടി എസ് പി ഫണ്ട്)

ചെലവ് - 97,508(ബിൽ നം.22/20.6.17)

കൺവീനർ - ബിനു ചന്ദ്രൻ, പൂവത്തുങ്കൽ, പെരിങ്കുളം

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനിയർ

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയുടെ വരവു ചെലവുകണക്കുകൾ 24.3.17 ൽ ചേർന്ന ഗുണഭോക്താക്കളുടെ യോഗം താഴെപ്പറയുംപ്രകാരം പാസാക്കിയിട്ടുണ്ട്.

| | |
|---|---|
| മസ്റ്റർ റോൾ പ്രകാരം | 29,200 |
| വൗച്ചർ പ്രകാരം | 38,525 |
| ബില്ലുകൾ പ്രകാരം | 17,220 |
| ആകെ | 84,945 |

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്തുപ്രവൃത്തികൾ സംബന്ധിച്ച സർക്കുലർ നം.1/1559 /2010/സി.ഇ/തസ്വഭവ തീയതി 13.11.2014 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്. സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. ഇപ്രകാരം പാസാക്കിയ ഗുണഭോക്തൃസമിതി വരവു ചെലവുകണക്കുകൾ പ്രകാരം പ്രവൃത്തിക്കു നൽകേണ്ട ആകെ തുക 84,945 രൂപയാണ്. എന്നാൽ ബിൽപ്രകാരം 97,508 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയ 12,563 രൂപ കൺവീനറിൽ നിന്നോ അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നിശ്ചിതശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടയ്കേണ്ടതാണ്.

## 3-11 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്തുപ്രവൃത്തികൾക്ക് സർക്കുലർ നം.1/1559 /2010/സി.ഇ/തസ്വഭവ തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 103/18 | പയ്യാനിത്തോട്ടം അങ്കണവാടി മെയിന്റനൻസ്<br>ചെലവ്-43,199(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

| | | |
|---|---|---|
| | | |
| 2 | 99/18 | മൃഗാശുപത്രി മെയിന്റനൻസ്<br>ചെലവ്-91,158(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| 3 | 134/18 | ഇടമല എസ് ടി കോളനി ഫുട്സ്റ്റെപ്പ് കോൺക്രീറ്റിംഗ്<br>ചെലവ്-97,240(ടി എസ് പി ഫണ്ട്) |
| 4 | 139/18 | ഇടമല ഈറ്റുംതടം റോഡിൽ കലുങ്ക് നിർമ്മാണം<br>ചെലവ്- 39,286(ടി എസ് പി ഫണ്ട്) |

1. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.സമിതിയുടെ തെരഞ്ഞെടുക്കലിനായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമനം.2 ആയി പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ മിനിറ്റ്സ്ബുക്ക് സൂക്ഷിച്ചിട്ടില്ല.
2. പണമിടപാടുകൾ കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ട് മുഖേന നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. കൺവീനറുടെ പേരിൽ മാത്രമാണ് അക്കൗണ്ട് തുടങ്ങിയിടിട്ടുള്ളത്.
3. ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ നിയോഗിച്ച തൊഴിലാളികളുടെ വേതനം, വിതരണ രേഖകൾ മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4. പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്. സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃസമിതി വരവു ചെലവുകണക്കുകൾ തയ്യാറാക്കി പാസാക്കിയിട്ടില്ല.
5. ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി

ആശ്രയ ഒന്നാം ഘട്ടപദ്ധതിയിൽ 33 ഗുണഭോക്താക്കളും രണ്ടാം ഘട്ടം പദ്ധതിയിൽ 82 ഗുണഭോക്താക്കളും ഉണ്ടായിരുന്നു. ഇവയുടെ 01.04.2017 മുതൽ 31.03.2018 വരെയുള്ള ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു. ആശ്രയ പദ്ധതിയ്ക്ക് രണ്ട് അക്കൗണ്ടുകളാണ് നിലവിലുള്ളത്.

ഒന്നാം ഘട്ടം
(അക്കൗണ്ട് നം.2198746300 സെൻട്രൽ ബാങ്ക് പൂഞ്ഞാർ തെക്കേക്കര)

| ഇനം | തുക | അഭിപ്രായം |
|---|---|---|
| പ്രാരംഭബാക്കി | 7,88,975 | |
| വരവ് | 1,76,694 | പലിശ-31,294<br>രണ്ടാംഘട്ടത്തിലേക്ക് വകമാറ്റിയത് തിരികെ-1,45,400 |
| ആകെ | 9,65,669 | |
| ചെലവ് | 64,400 | |
| നീക്കിയിരിപ്പ് | 9,01,269 | |

രണ്ടാം ഘട്ടം
(അക്കൗണ്ട് നം.3427263410 സെൻട്രൽ ബാങ്ക് പൂഞ്ഞാർ തെക്കേക്കര)

| ഇനം | തുക | അഭിപ്രായം |
|---|---|---|
| പ്രാരംഭബാക്കി | 18,065 | |
| വരവ് | 5,36,926 | ചലഞ്ച് ഫണ്ട് -5,27,833<br>പലിശ-9,093 |
| ആകെ | 5,54,991 | |
| ചെലവ് | 3,42,500 | ഒന്നാം ഘട്ടത്തിൽനിന്നും വകമാറ്റിയത് തിരികെ-1,45,400 |
| നീക്കിയിരിപ്പ് | 2,12,491 | |

നിലവിൽ രണ്ടു ഘട്ടങ്ങളിലെയും ഗുണഭോക്താക്കളെയും, ഫീൽഡുതല പരിശോധന നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളെയും ഉൾപ്പെടെ ആകെ 289 പേരെ ഉൾപ്പെടുത്തി അഗതിരഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി കുടുംബശ്രീ ജില്ലാ മിഷന് സമർപ്പിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൻെറ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 4,00,000/- രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 158/18 | 2,00,000 | 29.07.17<br>29.09.17 | 2,00,000 | ഇല്ല |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 12/18 | 2,00,000 | 09.02.18 | 2,00,000 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ 1,00,000/- രൂപ വെറ്റിനറി സർജൻ നടപ്പാക്കിയ പ്രോജക്ട് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | മൃഗാശുപത്രിക്ക് കുഴൽക്കിണർ നിർമ്മാണം (159/18) | 1,00,000/- | 24.10.2017 | 1,00,000/- | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ 2017-18 വർഷം വരവോ ചെലവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് |
|---|---|---|---|
| 2006-07 | 2/2.1 | 450 | ലിസിയമ്മ തോമസ് |
| 2006-07 | 2/2.1 | 450 | അന്നമ്മ തോമസ് |
| 2006-07 | 2/2.1 | 300 | ലിനിമോൾ തോമസ് |
| 2006-07 | 2/2.1 | 300 | കെ.എം.മേരിക്കുട്ടി |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 6,03,97,965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,08,96,462 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36,562 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,54,683 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,999 | ശ്രീ.ടി.ആർ.ശ്രീകാന്ത്, സെക്രട്ടറി |
| 3-10 | 12,563 | ശ്രീമതി ദയ പുരുഷോത്തമൻ, അസിസ്റ്റൻറ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,43,900 | ശ്രീ.ടി.ആർ.ശ്രീകാന്ത്, സെക്രട്ടറി |
| 3-2 | 48,900 | ശ്രീ.ടി.ആർ.ശ്രീകാന്ത്, സെക്രട്ടറി |
| 3-5 | 2,10,000 | ഡോ.ഷാജു സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6 | 1,93,163 | ഡോ. ഷാജു സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-7 | 44,040 | ശ്രീമതി റോസമ്മ എബ്രഹാം, ഹെഡ്മിസ്ട്രസ് |
| 3-8 | 14,680 | ശ്രീമതി റോസമ്മ എബ്രഹാം, ഹെഡ്മിസ്ട്രസ് |
| ആകെ | 7,54,683 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.ആർ.ശ്രീകാന്ത്, സെക്രട്ടറി | സെക്രട്ടറി,<br>പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | താഴത്തേടത്ത് ഹൗസ്,<br>പൂഞ്ഞാർ പി.ഒ. |
| ശ്രീമതി ദയ പുരുഷോത്തമൻ<br>അസിസ്റ്റൻറ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തദ്ദേശ സ്വയംഭരണ വകുപ്പ്,<br>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | ചിറ്റേട്ടുപള്ളിൽ,<br>ബ്രഹ്മമംഗലം പി.ഒ., 686614 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(1)/28.02.18 | 13 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി4.960/അദാ G6/2011/25.8.11 | 7 | |
| 1999-00,<br>2000-01,<br>2001-02 plan | എൽ.എഫ്.കെ.പി7/910/03/25.01.05 | | |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(3)/28.02.18 | 1 | |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(4)/28.02.18 | 1 | |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(6) /28.02.18 | 2 | |
| 2008-09 | എൽ.എഫ്.കെ.പി2- 13/1311/13/24.10.13 | | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(8) /28.02.18 | 3 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018)206(9) /28.02.18 | 6 | |
| 2011-12 & 2012-13 | കെ.എസ്.എ- കെ.ടി.എം.പി14/(അദാ2018)206(10)/28.02.18 | 2 | |
| 13-14 & 14-15 | കെ.എസ്.എ-കെ.ടി.എം.പി-2/713/16/05.09.16 | 6 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-2/143/17/16.03.17 | 7 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-14/1915/17/27.02.18 | 8 | |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി**14-303/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**12.04.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം